## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *212** **17.08.2017-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ഹാംലറ്റ് വികസന പദ്ധതി<br>• അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിലൂടെയുള്ള സമഗ്ര കോളനി വികസന പദ്ധതി (എ.റ്റി.എസ്.പി)<br>• നടപ്പ് സാമ്പത്തിക വർഷം മുതൽ മേൽ സൂചിപ്പിച്ച പദ്ധതികളെ സംയോജിപ്പിച്ച് അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി.<br>**1. ഹാംലറ്റ് വികസന പദ്ധതി**<br>ഹാംലറ്റ് വികസന പദ്ധതിക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിലായി 31.27 കോടി രൂപ അനുവദിച്ചതിൽ 26.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14 ൽ 18, 2014-15 ൽ 25, |

| | | | |
|---|---|---|---|
| | | | 2015-16 ൽ 9 അടക്കം ആകെ 52 സങ്കേതങ്ങളെയാണ് തിരഞ്ഞെടുത്തത്. ഇതിൽ 6 എണ്ണം ഒഴിവാക്കപ്പെട്ടു. ബാക്കിയുള്ള 46 കോളനികളിൽ 21 കോളനികളുടെ പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്നവ അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.<br>2016-17 ൽ 10 സങ്കേതങ്ങൾ തെരഞ്ഞെടുക്കുകയും ബഹു.ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഊരുകൂട്ടം കൂടി നിർവ്വഹണ ഏജൻസി വഴി ഡി.പി.ആർ തയ്യാറാക്കി വരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 7.10 കോടി രൂപ അനുവദിച്ചു.<br><br>**2. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി മുഖേനയുള്ള സമഗ്രവികസനം (എ.റ്റി.എസ്.പി)**<br>2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക് പഞ്ചായത്തുകളിലെ 134 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്തു.<br>വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർമാർ സമർപ്പിച്ച പദ്ധതികളുടെ അടിസ്ഥാനത്തിൽ 135.75 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു. ആയതിൽ നാളിതുവരെയായി 51.89 കോടി രൂപ ചെലവഴിച്ചു. (38% മാത്രമാണ് ഈ പദ്ധതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്)<br>2015-16 വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ |

എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് തെരഞ്ഞെടുത്തത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി മന്ദഗതിയിലായതിന്റെ കാരണം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഭേദഗതി ചെയ്താണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

ഈ ഭേദഗതിക്ക് ശേഷം വയനാട് ജില്ലയിൽ ഏറ്റെടുത്ത 24 കോളനികളിൽ 22 എണ്ണം പൂർത്തീകരിച്ചു.

കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ദുർഘട പ്രദേശങ്ങളിലായതിനാൽ നിർമ്മാണ പ്രവൃത്തികൾ ഉദ്ദേശിച്ച വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

ശേഷിക്കുന്ന 162 കോളനികളിലെ പ്രവൃത്തി 2017-18 വർഷത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**3. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

2017-18 വർഷം ഹാംലെറ്റ്, എ.റ്റി.എസ്.പി എന്നീ പദ്ധതികളെ സംയോജിപ്പിച്ച് അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 50 സെറ്റിൽമെന്റുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

സങ്കേതങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ദുർഘടസാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>ഏറ്റവും പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ പ്രോജക്റ്റ് അധിഷ്ഠിത രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ കോളനികളെ തെരഞ്ഞെടുത്ത് ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഘട്ടത്തിലാണ്. |
| ബി) | പട്ടികവർഗ്ഗക്കാർക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | **<u>ഹാംലറ്റ് വികസന പദ്ധതി:-</u>**<br>2013-14 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കി വരുന്ന ഹാംലറ്റ് വികസന പദ്ധതിയിൽ വീടുകളുടെ പുനരുദ്ധാരണം, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതീകരണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലം, അംഗൻവാടി, മഴവെള്ള സംഭരണി, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണുസംരക്ഷണം, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ തുടങ്ങിയവ ഉൾപ്പെടുന്നു.<br><br>**<u>എ.റ്റി.എസ്.പി :-</u>**<br>എ.റ്റി.എസ്.പി പദ്ധതിയിൽ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭവനനിർമ്മാണം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, ജീവനോപാധി പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം നൈപുണ്യ വികസനവും പരിശീലനവും തുടങ്ങിയ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | **അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് പദ്ധതി:-** പട്ടികവർഗ്ഗ കോളനികളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകളുടെയും, കുട്ടികളുടെയും അടിസ്ഥാന ആവശ്യങ്ങൾ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പുനരധിവാസം, കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, ക്ഷീരവികസനം, മറ്റ് സ്വയംതൊഴിൽ പരിപാടികൾ, പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുതകുന്ന മറ്റ് ആവശ്യാധിഷ്ഠിത കർമ്മപരിപാടികൾ തുടങ്ങിയവയാണ് പ്രധാനമായും ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. |
| സി) | ഈ സർക്കാരിന്റെ കാലത്ത് എത്ര സങ്കേതങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (സിയും ഡിയും) 2016-17 ൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ പത്ത് കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കോളനികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി ഫണ്ടിൽ നിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിക്കും, പോത്തുകൽ ഗ്രാമപഞ്ചായത്തിലും 12 സങ്കേതങ്ങളുടെ വികസനത്തിനായി 13.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം നടന്നു വരുന്നു. ഇതിനു പുറമെ 2017-18-ൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ 50 സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കുന്നതാണ്. | |
| ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2016-17 ൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളനികൾ

| ക്രമ നമ്പർ | ജില്ല | സങ്കേതങ്ങളുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | എറണാകുളം | പന്തപ്രകോളനി | കുട്ടംപുഴ |
| 2 | ഇടുക്കി | ചെറുവാട് പട്ടികവർഗ്ഗ കോളനി | മറയൂർ |
| 3 | പാലക്കാട് | പാമ്പൻതോട് കോളനി (മണ്ണാർക്കാട് താലൂക്ക്) | കാഞ്ഞിരപ്പുഴ |
| 4 | പാലക്കാട് | ചപ്പക്കാട് കോളനി | മുതലമട |
| 5 | മലപ്പുറം | പാറേക്കാട് , ഇടിവണ്ണ എസ്.ടി കോളനി | ചാലിയാർ |
| 6 | മലപ്പുറം | കൽക്കുളം തീക്കടി കോളനി, ഉച്ചക്കുളം കോളനി എന്നിവയുടെ ക്ലസ്റ്റർ | മൂത്തേടം |
| 7 | കോഴിക്കോട് | അട്ടപ്പിൽ, കെട്ടിൽ, മലയങ്ങാട്, ഓടങ്കോട്, കടിൽപ്പാറ എന്നീ കോളനികളുടെ ക്ലസ്റ്റർ | വാണിമേൽ, കാവിലുംപാറ, മരുതോങ്കര എന്നീ ഗ്രാമപഞ്ചായത്തുകൾ |
| 8 | കോഴിക്കോട് | നരേന്ദ്രദേവ്, കൊളത്തൂർ, സീതപ്പാറ, ആലമ്പാറ എന്നീ കോളനികളുടെ ക്ലസ്റ്റർ | ചക്കിട്ടപ്പാറ |
| 9 | കണ്ണൂർ | ചടച്ചിക്കുണ്ടം പട്ടികവർഗ്ഗ കോളനി | പടിയൂർ |
| 10 | കാസറഗോഡ് | വായിക്കാനം | ഈസ്റ്റ് ഏളേരി |

സെക്ഷൻ ഓഫീസർ